## ഗവ .യു പി സ്കൂൾ തെക്കിൽപറമ്പ

## കാസർഗോഡ് ഉപജില്ല

# ചുവട്

## "എന്റെ വിദ്യാലയത്തിലൂടെ"




## അക്കാദമികമാസ്റ്റർ പ്ലാൻ  2025-26

# ഉള്ളടക്കം


| | |
|---|---|
| **അടിസ്ഥാന വിവരങ്ങൾ** | **: 3** |
| **ആമുഖം** | **: 4** |
| **ലക്ഷ്യങ്ങൾ** | **: 6** |
| **കാഴ്ചപ്പാട് നയരേഖ** | **: 7** |
| **അവസ്ഥാ വിശകലനം** | **: 7** |
| **മാസ്റ്റർ പ്ലാൻ എൽപി** | **: 10** |
| **മാസ്റ്റർ പ്ലാൻ യുപി** | **:** |
| **തനതുപ്രവർത്തനം** | **: 13** |
| **വാർഷിക കലണ്ടർ** | **: 15** |
| **മോണിറ്ററിംഗ്** | **: 17** |

# ഗവൺമെൻറ് യുപി സ്കൂൾ തെക്കിൽ പറമ്പ
# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അടിസ്ഥാന വിവരങ്ങൾ

**സ്കൂളിൻറെ പേര്** :ഗവൺമെൻറ് യുപി സ്കൂൾ തെക്കിൽ പറമ്പ
**ഇമെയിൽ അഡ്രസ്** : gupstp@gmail.com
**വില്ലേജിന്റെ പേര്** : ചെമ്മനാട്
**വാർഡ്** : 9
**പഞ്ചായത്ത്** : ചെമ്മനാട്
**വിദ്യാഭ്യാസ ഉപജില്ല** : കാസർഗോഡ്
**വിദ്യാഭ്യാസ ജില്ല** : കാസർഗോഡ്
**ബ്ലോക്ക്** : കാസർഗോഡ്
**നിയമസഭാ മണ്ഡലം** : ഉദുമ
**ലോകസഭാ മണ്ഡലം** : കാസർഗോഡ്
**പ്രധാനാധ്യാപകന്റെ പേര്** : അബൂബക്കർ ബി
**മൊബൈൽ ഫോൺ നമ്പർ** : 9846728144

**നിലവിലെ അധ്യാപകർ മറ്റു ജീവനക്കാർ**

| | |
|---|---|
| ഹെഡ്മാസ്റ്റർ | : 1 |
| യുപിഎസ് ടി | : |
| എൽ പി എസ് ടി | : 19 |
| യുപിഎസ് ടി അറബിക് | : 1 |
| എൽപിഎസ് ടി അറബിക് | : 1 |
| ഹിന്ദി | : 2 |
| സ്പെഷ്യൽ അധ്യാപകർ | : 1 |
| കലാപഠനം | : 1 |
| ആരോഗ്യം കായിക പഠനം | : |
| പ്രവർത്തി പരിചയപഠനം | : |
| ഓഫീസ് അറ്റൻഡന്റ് | : 1 |
| പ്രീ-പ്രൈമറി അധ്യാപകർ | : 4 |
| പ്രീ-പ്രൈമറി ആയ | : 2 |
| സ്വീപ്പർ | : 1 |
| പാചക തൊഴിലാളികൾ | : 3 |

# ആമുഖം

ഒരു നാട് എന്താണെന്ന് അറിയാൻ അവിടുത്തെ വിദ്യാലയത്തിലേക്ക് പോയി നോക്കിയാൽ മതി എന്നൊരു ചൊല്ലുണ്ട്. അത്രയധികം നാടിന്റെ സാമൂഹികവും സാംസ്കാരികവും ഭൗതികവുമായ പുരോഗതിയെ നിർണയിക്കുന്ന സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. ചട്ടഞ്ചാൽ, പറമ്പ് മുതലായ സമീപസ്ഥലങ്ങളിൽ നിന്ന് മാത്രമല്ല കുണ്ടംകുഴി, ചേർക്കള, പാടി കാസർഗോഡ് മുതലായ വിദൂര ദേശങ്ങളിൽ നിന്നുപോലും കുട്ടികൾ ഇവിടേക്ക് അധ്യായത്തിന് എത്തുമ്പോൾ കഴിഞ്ഞ ഒരു നൂറ്റാണ്ടായി ഈ വിദ്യാലയം സമൂഹത്തിന് എന്തുമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

നിരവധി തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന ഈ സ്ഥാപനം 1919 എഴുത്താശാന്മാർ പഠിപ്പിക്കുന്ന എഴുത്തുകൂടായിട്ടാണ് പറമ്പിൽ പ്രവർത്തനം ആരംഭിക്കുന്നത്. പിന്നീട് കുറച്ചു കാലം പടിഞ്ഞാറേക്കര കമ്മട്ടതറവാടിനോട് ചേർന്ന് എഴുത്തുകൂട്, തുടർന്ന് സ്കൂളിന്റെ തെക്ക് ഭാഗത്ത് ഇന്ന് കാണുന്ന റോഡിനപ്പുറം പൂന്തോട്ടത്തോടുകൂടിയുള്ള ഒരു താൽക്കാലിക വിദ്യാലയം നിർമ്മിച്ചത് ശ്രീ കോവിഡ് ബട്ട് ആണ്.

കാസർഗോഡ് ജില്ലയിലെ  ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ദേശീയപാതയ്ക്ക് സമീപം കിഴക്ക് ഭാഗത്ത് ചട്ടഞ്ചാലിനും പൊയിനാചിക്കും ഇടയിലാണ് ജിയുപിഎസ് തെക്കിൽപറമ്പ് സ്കൂൾ സ്ഥിതി ചെയ്യുന്നത് .വിദ്യാഭ്യാസരംഗത്ത് സംസ്ഥാനതലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന ഒരു സർക്കാർ വിദ്യാലയമാണിത് .1919 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത് ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ ആയി എൽ പി സ്കൂളുകൾ ആയിട്ടായിരുന്നു തുടക്കം. പിൽക്കാലത്ത് അപ്ഗ്രേഡ് ചെയ്ത് യുപി സ്കൂളിലായി മാറി .

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരേപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു എല്ലാവരെയും ഉൾപ്പെടുത്തി യുള്ള വിദ്യാഭ്യാസം ഇംഗ്ലീഷിൽ പ്രാവർത്തികമാക്കാനായി വൈവിധ്യമായ ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടലുകൾ നടത്തി പഠനത്തിന് സാഹചര്യം ഒരുക്കുന്നു എസ് എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിനു കഴിയുന്നു എന്നത് എടുത്തു പറയേണ്ട ഒരു കാര്യമാണ്.

അക്കാദമിക രംഗത്തെ വികസനത്തിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണ വും ഉറപ്പുവരുത്താനും കഴിയുന്നു ശിശു സൗഹാർദമായ പഠനാന്തരീക്ഷം ഈ സ്കൂളിൻറെ മുഖമുദ്രയാണ് .

ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലായി 36 ഓളം അധ്യാപകരും 1300 ഓളം കുട്ടികളുമാണ് ഉൾക്കൊള്ളുന്നത് കെട്ടിടങ്ങൾ ഫർണിച്ചറുകൾ എന്നിവയുടെ ദൗർലഭ്യം മുമ്പ് ഉണ്ടായിരുന്നു എങ്കിലും നിലവിൽ പൂർണമായും പരിഹരിക്കപ്പെട്ടിട്ടുണ്ട് ഗ്രൗണ്ട് വികസനത്തിനുള്ള പദ്ധതികളും നടപ്പിലായി വരുന്നുണ്ട് സർക്കാർ വിദ്യാലയങ്ങൾ ഹൈടെക് ആയി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും ഈ വിദ്യാലയത്തിലെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് ആയി മാറിയിട്ടില്ല എന്നത് പരിമിതിയായി കാണുന്നു. കൂടാതെ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയെ പാടവം ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ സാധിക്കാത്തതും പരിമിതിയായി കാണുന്നു. നവീകരിക്കുന്ന നാഷണൽ ഹൈവേ സ്കൂൾ വിദ്യാർഥികൾക്ക് അധ്യാപകർക്കും യാത്രയ്ക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട് .

കഴിഞ്ഞവർഷം സബ് ജില്ലാ കലോത്സവം നടത്തുകയും മികവാർന്ന പ്രകടനം കാഴ്ചവയ്ക്കുകയും ,മികവാർന്ന സംഘാടകനേതൃത്വം നൽകാനും തെക്കിൽ പറമ്പയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാതൃഭൂമി സീഡ് ക്ലബ് ഹരിതമിത്രാ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട് പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തിയ സയൻസ് ഫെസ്റ്റിവൽ സബ്ജില്ലാതലത്തിൽ വിജയം കൈവരിക്കുന്നതിനും ജില്ലാതലത്തിൽ പഠന ക്യാമ്പിൽ പങ്കെടുക്കുന്നതും വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലത്തിലുള്ള പഠനനേട്ടങ്ങൾ, ആധുനിക സാങ്കേതങ്ങളെയും, ശാസ്ത്രസാങ്കേതിക വിദ്യകളെയും, ലൈബ്രറി , ലാബ് , സംവിധാനങ്ങളെയും പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്നു.

# ലക്ഷ്യങ്ങൾ

**1.**സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും .

**2.**കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ചു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും .

**3.**എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും .ക്ലാസ് മുറികളിലെ ജനാധിപത്യം അവസരസമത്വം സ്വതന്ത്ര ചിന്ത എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തും.

**5.**അനുയോജ്യമായ പഠനോപകരണങ്ങൾ അധ്യാപക വിദ്യാർത്ഥി ബന്ധം ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും ക്ലാസിന് അനുയോജ്യവും നവീനമായി രൂപീകരിച്ചതുമായ കളി സ്ഥലവും കളി ഉപകരണങ്ങളും കാര്യക്ഷമതമാക്കും .

**6.**ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു .

**7.**വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്ത നങ്ങൾ സംഘടിപ്പിക്കുന്നു.

**8.**വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു .

**9.**ഓരോ അധ്യാപകരും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തര അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യുന്നു വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിൽ വിദ്യാർഥികളും അധ്യാപകരും തമ്മിൽ അധ്യാപകരും വിദ്യാർത്ഥികളും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .

**10**.പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പിക്കുന്നതിനുള്ള പ്രത്യേകം പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## കാഴ്ചപ്പാട് നയരേഖ (Vision Document)

ഓരോ വിഷയത്തിലും ലോകനിലവാരത്തിലുള്ള അറിവും ശേഷികളും അതത് ക്ലാസുകളിൽ, പ്രായത്തിൽ നേടുന്നു എന്ന് ഉറപ്പാക്കുന്നതിനോടൊപ്പം വിദ്യാലയ അന്തരീക്ഷം മൂല്യങ്ങൾ മനോഭാവങ്ങൾ പരിസ്ഥിതി ബോധം എന്നിവ വളർത്തുന്നതിന് പര്യാപ്തമായ രീതിയിൽ മാറ്റിയെടുക്കുന്നതിനും നിലനിർത്തുന്നതിനും ശ്രമിക്കുക .ഇതിനായി സാമൂഹ്യ - ഭൗതിക - അക്കാദമിക രംഗങ്ങളിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും ,ആധുനിക സാങ്കേതികവിദ്യകളുടെയും ബോധനരീതികളുടെയും ഫലപ്രദമായ പ്രയോഗം സാധ്യമാക്കുകയും, സാമൂഹ്യപങ്കാളിത്തത്തോടെ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യുക ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

## അവസ്ഥാവിശകലനം.

### *പാഠ്യപദ്ധതി വിനിമയം*

**1**.ഭാഷാപരമായ പ്രശ്നങ്ങൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

**2**.പാഠ്യ പാഠ്യതരപ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ പലപ്പോഴും സാധിക്കുന്നില്ല .

**3.**കലാ വിദ്യാഭ്യാസം ആരോഗ്യ കായിക വിദ്യാഭ്യാസം പ്രവർത്തി പരിചയം എന്നീ മേഖലകളിൽ കുട്ടികൾ നേടേണ്ട സാക്ഷരതകൾ നേടിയിട്ടില്ല.

**4.**ശാസ്ത്ര പരീക്ഷണ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പുവരുത്താൻ ആവശ്യമായ വിഭവങ്ങളുടെ ലഭ്യത കുറവ് നില നിൽക്കുന്നുണ്ട്. 5 അടിസ്ഥാന ഗണിതശേഷി വികസിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## *പഠനാന്തരീക്ഷം*

**1**.ക്ലാസ് മുറികൾ ഉചിതമായി സജ്ജീകരിച്ചിട്ടുണ്ട്.

**2**.ക്ലാസ് മുറികളിൽ ജനാധിപത്യവും അവസരസമത്വവും സ്വതന്ത്ര ചിന്തയും ലിംഗസമത്വവും പാലിക്കുന്നുണ്ട്.

**3**.അനുയോജ്യമായ പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ് .

**4**.ആധുനിക സാങ്കേതി കവിദ്യ ലഭ്യതയും ഉപയോഗവും കാര്യക്ഷമമല്ല.

**5.**കളിസ്ഥലവും കളി ഉപകരണങ്ങളും ഉണ്ട്.

## *അധ്യാപകർ*

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ട്. എങ്കിലും പഠനസാമഗ്രികളുടെയും പ്രാദേശിക വിഭവങ്ങളുടെയും ലഭ്യതക്കുറവ് പഠനപ്രക്രിയയെ ബാധിക്കുന്നുണ്ട് .സമഗ്രസൂത്രണവും ദൈനംദിന ആസൂത്രണവും കാര്യക്ഷമമാണ്. അധ്യാപകർക്ക് സ്വതന്ത്രവും നിർഭയവും ആയി ക്ലാസുകൾ കൈകാര്യം ചെയ്യാൻ ഉള്ള സാഹചര്യം ഉണ്ട്. അധ്യാപക രക്ഷാകർതൃ ബന്ധം കുറച്ചു കൂടി ദൃഢമാക്കേണ്ടതുണ്ട് .അധ്യാപകർക്ക് ലഭിക്കുന്ന സാമൂഹിക പിന്തുണ കുറഞ്ഞു വരുന്നതായി കാണുന്നു.

## *ഭൗതിക സാഹചര്യം*

- മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ വിദ്യാലയത്തിൽ നിലനിൽക്കുന്നുണ്ട് .പുതിയതായി ഒരു കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നുണ്ട്. ഈ കെട്ടിടങ്ങളിൽ സ്ക്രീനും പ്രോജക്ടറും ഘടിപ്പിച്ച് സ്മാർട്ട് ക്ലാസ്സ് റൂമുകളായി മാറ്റേണ്ടതുണ്ട്.
- പരിസ്ഥിതി സൗഹൃദ, വിദ്യാർത്ഥി സൗഹൃദ സ്കൂൾ, ക്ലാസ് അന്തരീക്ഷം നിലനിൽക്കുന്നുണ്ട്.
- കളിസ്ഥലവും കളി ഉപകരണങ്ങളും ആവശ്യത്തിന് ഉണ്ട്.
- മതിയായ എണ്ണം ശുചിമുറികൾ ഉണ്ട് .
- വിദ്യാർത്ഥി സൗഹൃദ ഫർണിച്ചറുകൾ ഉണ്ട്.

- ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ സൗകര്യങ്ങളുണ്ട്.
- സ്വന്തമായ ഗതാഗത സൗകര്യം സ്കൂൾ ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല , എം എൽ എ ഫണ്ടിൽ നിന്നും സ്കൂൾ ബസിന് തുക ലഭിച്ചിട്ടുണ്ട്, സ്കൂൾ ബസ് ഈ അക്കാദമികവർഷത്തിൽ നിലവിൽ വരും.
  കുട്ടികൾ പൊതുഗതാഗതം ഉപയോഗപ്പെടുത്തി വരുന്നു.

## *സാമൂഹിക ഇടപെടലുകൾ*

പി.ടി.എ , എസ്.എം.സി ,മദർ പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവവിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകൾ സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും ഉണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ  - എൽ പി വിഭാഗം

## വിഷയമേഖല :എൽ പി ഒന്നാം ഭാഷ  മലയാളം.

***ലക്ഷ്യം*** - മാതൃഭാഷ കൈകാര്യം ചെയ്യുന്നതിൽ എല്ലാ കുട്ടികളെയും മികച്ച നിലവാരത്തിൽ എത്തിക്കുക.

- വിവിധ യൂണിറ്റുകളിലെ വ്യവഹാര രൂപങ്ങൾക്കനുസരിച്ച് വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ.

- ഓരോ ക്ലാസിലും അതത് ക്ലാസിലെ ഭാഷാശേഷി കൈവരിക്കാത്ത കുട്ടികൾക്കായി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കുകയും അതിന് ആവശ്യമായ സാമഗ്രികൾ വികസിപ്പിച് നിരന്തര പരിശീലനത്തിലൂടെ പ്രസ്തുത ഭാഷാശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

- ക്ലാസ് തല വായനാ കൂട്ടം രൂപീകരിച്ച് പരമാവധി ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്ന മികച്ച വയനാക്കുറിപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നു.

- പ്രതിമാസ വായന മത്സരം ക്ലാസ് തലത്തിൽ സംഘടിപ്പിക്കും.

- സ്കൂൾ പ്രവർത്തന കലണ്ടറിലുള്ള ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിൽ കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കൽ.

- ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യജീവിതം പ്രാപ്യമാക്കുംവിധം ഭാഷാശേഷി വളർത്തുന്നതിനായി ഐ സി ടി വിഭവങ്ങൾ വികസിപ്പിക്കാൻ സാങ്കേതങ്ങൾ ഉപയോഗിച്ച് പഠന ആകർഷകമാക്കാൻ കഴിയും വിധം ഐസിടി വിഭവം വികസിപ്പിസിച്ചും നടത്തിയും പരിഹാരബോധനം നിശ്ചയിക്കുക നടത്തുക.

## വിഷയമേഖല -  എൽ പി ഗണിതം .

***ലക്ഷ്യം -***

- മുഴുവൻ കുട്ടികളെയും ഗണിതശാസ്ത്രത്തിന്റെ ഉള്ളടക്കപ്രക്രിയ സർഗാത്മകത മേഖലകളിൽ മികച്ച നിലവാരത്തിൽ എത്തിക്കുക.

- മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ പരിശീലനം നൽകുന്നു.

- ഗണിത പ്രശ്നങ്ങൾ കഥകളിലൂടെ അവതരിപ്പിച്ച അവയ്ക്ക് പരിഹാരം കണ്ടെത്താൻ പിന്നോക്കകാർക്ക് പ്രത്യേകം മോഡ്യൂളുകൾ തയ്യാറാക്കി വർക്ക് ഷീറ്റുകളുടെയും ഐസിടിയുടെയും സഹായത്തോടെ പ്രത്യേക പരിശീലനം നൽകുന്നു.

- ഉച്ചഭക്ഷണ സമയത്ത് ഇടവേളകൾ ആസ്വാദ്യകരമാക്കാൻ സംഖ്യാ പാറ്റേണുകൾ മാന്ത്രികചതുരം,  കലണ്ടർ ഗണിതം തുടങ്ങിയ ഗണിത കളികൾക്ക് അവസരം ഒരുക്കുന്നു.

- സംഖ്യ പാറ്റേണുകൾ

- ഉയർന്ന ചിന്താശേഷി ആവശ്യമായ ഗണിത കടങ്കഥകൾ നിർമ്മിക്കാനും പ്രശ്നപരിഹരണത്തിനും അവസരം ഒരുക്കുന്നു.

- ഭിന്നശേഷിയുള്ള കുട്ടികളെ നിത്യജീവിതത്തിന് ഒതക്കുന്ന വിധത്തിൽ ഗണിതാശയങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തരാക്കുന്നു

## വിഷയമേഖല-  എൽ പി പരിസരപഠനം

***ലക്ഷ്യം*** - അക്കാദമിക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ പരിസര പഠനത്തിലെ മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളിലേക്കും എത്തിക്കുക.

- എല്ലാ യൂണിറ്റിലെയും ആശയങ്ങൾ സ്വാംശീകരിക്കാൻ ആവശ്യമായ വർക്ഷീറ്റുകൾ കൾ തയ്യാറാക്കുക.

- കുട്ടികളുടെയും രക്ഷിതാക്കളുടെയും ശാസ്ത്ര അധ്യാപകരുടെയും സഹായത്തോടെ പഠന സാമഗ്രികൾ ഒരുക്കുക.

- എൽ പി ക്ലാസുകൾക്ക് കൂടി പ്രയോജനപ്പെടും വിധം ശാസ്ത്രലാൾ വികസിപ്പിക്കുക.

- പരിസര പഠനത്തിൽ നേരനുഭവങ്ങൾക്കായി ഫീൽഡ് ട്രിപ്പ് നടത്തുക.

- ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തുക.

- പരീക്ഷണങ്ങൾക്ക് ഉതകും എന്ന് തോന്നുന്ന സാധനസാമഗ്രികൾ ശേഖരിച്ച് ക്ലാസിലും വീട്ടിലും പരീക്ഷണ മൂല ഒരുക്കുന്നു.

- പുരാവസ്തു ശേഖരണവും നാടിനെ അറിയാൻ ഗൃഹ സന്ദർശനവും നടത്തും.

- ഭിന്നശേഷിക്കാരായ കുട്ടികളെ കൂടി ഉൾക്കൊള്ളും വിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതി നായി അമൂർത്താശയങ്ങളുടെ അനുഭവങ്ങൾ ലഭ്യമാകും വിധം ദൃശ്യ സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഐസിടി വിഭവങ്ങൾ ഉപയോഗിക്കും.

## *വിഷയമേഖല - എൽ പി ഇംഗ്ലീഷ്*

***ലക്ഷ്യം*** - നാലാം ക്ലാസ് പൂർത്തിയാകുമ്പോഴേക്കും എല്ലാ കുട്ടികളുടെയും എഴുത്ത് വായന ആശയവിനിമയം എന്നിവയിൽ നിശ്ചിത നിലവാരത്തിൽ എത്തിക്കുക.

- മുൻ ക്ലാസുകളിൽ പരിചയപ്പെട്ട വാക്കുകൾ ഉൾക്കൊള്ളുന്ന ലഘുവായന കാർഡുകൾ തയ്യാറാക്കുന്നു.

- പിന്നോക്കക്കാരെ വായന അഭ്യസിപ്പിക്കുന്നതിനായി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കുകയും ആവശ്യമായ പഠന സാമഗ്രികൾ വികസിപ്പിച് നിരന്തര പരിശീലനം നൽകി വായനയിലേക്കും തുടർന്ന് എഴുത്തിലേക്കും നയിക്കുന്നു.

- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷനായി ദിവസവും പ്രാക്ടീസ് നൽകുന്നു.

- ക്ലാസ് റൂം സന്ദർഭങ്ങൾ സംഭാഷണമായി രൂപപ്പെടുത്തുന്നു ഓരോ യൂണിറ്റിലും അധികമായി നൽകാൻ കഴിയുന്ന സംഭാഷണ സന്ദർഭങ്ങൾ വർക്ക് ഷീറ്റ് രൂപത്തിൽ നൽകുന്നു.

# തനതുപ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാശേഷി വികസനം മുഴുവൻ വിദ്യാർത്ഥികളും മലയാളഭാഷയിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നു . | പ്രത്യേകം തയ്യാറാക്കി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | ഒരു വർഷം | ക്ലാസ്സ് അധ്യാപകർ | PTA |
| ഇംഗ്ലീഷ് ഭാഷാശേഷി വികാസം . മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നു പഠനപ്രവർത്തനങ്ങൾ പൂർണമായും ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്യുന്നു. | പ്രത്യേകം തയ്യാറാക്കിയ മൊഡ്യുൾ പ്രകാരം പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു . | ഒരു വർഷം | ഇംഗ്ലീഷ് അദ്ധ്യാപകർ | PTA |
| വിവിധ വിഷയങ്ങളിലുള്ള അടിസ്ഥാന വികാസം (സോഷ്യൽ സയൻസ്, അടിസ്ഥനശാസ്ത്രം, ഗണിതം, ഐടി ). | പ്രത്യേകം തയ്യാറാക്കിയ മൊഡ്യുൾ പ്രകാരം പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു , പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക | ഒരു വർഷം | അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| | പരിശീലനം നൽകുന്നു | | | |
| സ്പോർട്സ്- ഒരു ക്ലാസിന് ഒരു ഗെയിം, ആരോഗ്യ കായിക വികാസം. മുഴുവൻ കുട്ടികളെയും കായിക ക്ഷമത യുള്ളവരാക്കുകയും കായികമേളകളിൽ മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യുക കായിക ക്ഷമതയെ കുറിച്ച് ബോധവാന്മാരാക്കു ക | കായിക പരിശീലന ത്തിന് വിദഗ്ധരുടെ സേവനം നേടും. ആരോഗ്യമേഖലയിലെ വിദഗ്ദ്ധരുടെ ക്ലാസ്സു കൾ സംഘടിപ്പിക്കും. കൂടുതൽ കായിക മേള കൾ സംഘടിപ്പിക്കും. | ഒരു വർഷം | | PTA<br>SMC<br>SSC<br>SRG<br>SSG |
| ലാബ് വികസിപ്പിക്കൽ | സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, IT, language Lab തുടങ്ങിയവ വിപുല മായ രീതിയിൽ സജ്ജീകരിക്കാൻ ആവശ്യമായ പ്രവർത്തനം നടത്തും | | അധ്യാപ കർ, PTA, SMC | അധ്യാപകർ, PTA, SMC |

# അക്കാദമിക കലണ്ടർ

| | |
|---|---|
| ജൂൺ | 2- പ്രവേശനോത്സവം |
| | 3- എസ് ആർ ജി ( എല്ലാ തിങ്കളാഴ്ചയും UP എസ് ആർ ജി, ചൊവ്വാഴ്ചയും LP  എസ് ആർ ജി) |
| | 5- പരിസ്ഥിതിദിനം |
| | 19-27 വയനാവാരം |
| | 21- അന്താരാഷ്ട്രാ യോഗാദിനം |
| | 26- ലോക ലഹരി വിരുദ്ധദിനം വിവിധ ക്ലബ്ബ്കളുടെകളുടെ രൂപീകരണം |
| ജൂലൈ | 5- ബഷീർദിനം |
| | 11- ലോകജനസംഗ്യാദിനം |
| | 21- ചാന്ദ്രദിനം |
| | 28- ലോക പ്രകൃതി സംരക്ഷണദിനം |
| ആഗസ്റ്റ് | സ്കൂൾ സ്പോർട്സ്, |
| | ശാസ്ത്രോത്സവം |
| | 6- ഹിരോഷിമദിനം |
| | 7- സംസ്കൃതദിനം |
| | 9- ക്വിറ്റിന്ത്യ ദിനം, നഗസാക്കി ദിനം |
| | 15- സ്വാതന്ത്ര്യദിനം |
| | 17- കർഷകദിനം |
| | 29- ദേശീയ കായികദിനം |
| സെപ്റ്റംബർ | സ്കൂൾ കലോത്സവം |
| | ഓണാഘോഷം |
| | 5- അദ്ധ്യാപകദിനം |
| ഒക്ടോബർ | വിനോദയാത്ര |
| | 2- ഗാന്ധിജയന്തി |
| | 10- ദേശീയതപാൽ ദിനം |

| | |
|---|---|
| നവംബർ | 1- കേരളപിറവിദിനം |
| | 14- ശിശുദിനം |
| ഡിസംബർ | ക്രിസ്തുമസ് പരിപാപടി |
| | 3-ദേശീയ ഭിന്നശേഷി ദിനം |
| | 10-ലോകമനുഷ്യവകാശ ദിനം |
| | 14-ഊർജ്ജസംരക്ഷണദിനം |
| | 18-ലോക അറബി ഭാഷാദിനം |
| | 22-ദേശീയ ഗണിത ദിനം |
| ജനുവരി | 10-ലോക ഹിന്ദി ദിനം |
| | 23-ദേശീയ കയ്യക്ഷര ദിനം |
| | 26-റിപ്പബ്ലിക്ക് ദിനം |
| | 30-രക്തസാക്ഷി ദിനം |
| ഫെബ്രുവരി | പഠനോത്സവം |
| | 21- ലോക മാതൃഭാഷാ ദിനം |
| | 28-ദേശീയശാസ്ത്രദിനം |
| മാർച്ച് | വാർഷികം |
| | |

# മോണിറ്ററിങ്

ആസൂത്രണം ചെയ്ത പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം പദ്ധതികളുടെ കൃത്യമായ മോണിറ്ററിങ്ങിന്റെയും അവലോകനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണെന്നത് തർക്കമില്ലാത്ത കാര്യമാണ്. അതിനാൽ ക്ലാസ്, സ്കൂൾ, ഉപജില്ലാതലങ്ങളിൽ, നിരന്തരമായ മോണിറ്ററിങ്ങും പിന്തുണയും അനിവാര്യമാണ്.

**1.ക്ലാസ് തല മോണിറ്ററിങ് സമിതി**

ഹെഡ്മാസ്റ്റർ, ക്ലാസ് അധ്യാപകർ, ക്ലാസ് പിടിഎ പ്രതിനിധികൾ ,എന്നിവരങ്ങളുടെ സമിതി ക്ലാസ് തലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തും. പ്രതിമാസ ക്ലാസ് പി ടി എ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടിങ്പ്രധാന അജണ്ട ആയിരിക്കും.

**2.എസ് ആർ ജി**

ക്ലാസ് തല പ്രവർത്തനങ്ങൾ വിഷയാധിഷ്ഠിത പദ്ധതികളെയും ഏകോപിപ്പിക്കുന്ന ചുമതല എസ് ആർ ജി ആയിരിക്കും. പ്രതിവാര എസ് ആർ ജി യോഗങ്ങളിൽ പ്രവർത്തനങ്ങൾ, ഫീഡ്ബാക്ക് എന്നിവ കൺവീനർ അവതരിപ്പിക്കും. വരും ആഴ്ചയിലെ പ്രവർത്തനങ്ങളുടെ വിശദമായ ആസൂത്രണവും നടക്കും. അക്കാദമിക പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രതിമാസ പ്രവർത്തന കലണ്ടർ രൂപീകരിക്കും .പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കും.

**3.ഹെഡ്മാസ്റ്റർ**

പാഠസൂത്രണം പരിശോധന, ക്ലാസ് പരിശോധന, എന്നിവയുടെ അടിസ്ഥാന രേഖയായി അക്കാദമിക പ്ലാനിനെ പരിഗണിക്കും. പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമതല വഹിക്കും.

**സ്കൂൾതല മോണിറ്ററിംഗ് .**

ഹെഡ്മാസ്റ്ററുടെ അധ്യക്ഷതയിൽ പി ടി എ , എസ് എം സി ,എം പി ടി എ എന്നിവർ  സ്കൂൾതലത്തിൽ മോണിറ്ററിൽ നടത്തും.

# ചുവട്

## "എന്റെ വിദ്യാലയത്തിലൂടെ"




## ഗവ .യു പി സ്കൂൾ തെക്കിൽപറമ്പ
## കാസർഗോഡ് ഉപജില്ല